(ബി) വൈദ്യുതി ബോർഡ് ജീവനക്കാർ പ്രസ്തുത ഓഹരികൾ വാങ്ങുന്നത് നിയമപരമായി അനുവദനീയമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാധാരണഗതിയിൽ ഓഹരികൾ വാങ്ങുന്നതിന് ജീവനക്കാർക്ക് വൈദ്യുതി ബോർഡിന്റെയോ സർക്കാരിന്റെയോ അനുമതി ആവശ്യമില്ല.

(ബി) ഇക്കാര്യത്തിൽ നിയമതടസ്സമില്ല.

മലബാർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

103(1006) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഫലമായി വോൾട്ടേജ് ക്ഷാമം എത്രത്തോളം പരിഹരിക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കായംകുളം താപ വൈദ്യുത നിലയം

104(1007) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എം. മുരളി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപ വൈദ്യുത നിലയത്തിൽ ഇപ്പോൾ എത്ര നീരാവി ടർബൈനുകൾ പ്രവർത്തിക്കുന്നു; ഇവ ഓരോന്നിന്റേയും സ്ഥാപിതശേഷി എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ടർബൈനുകളുടെ പണി തീരാറായി വരുന്നു ; ഇവയുടെ സ്ഥാപിതശേഷി എത്ര ;

(സി) ഇപ്പോൾ ഈ വൈദ്യുതി നിലയത്തിൽ നിന്നും വാങ്ങുന്ന വൈദ്യുതിക്ക് എന്ത് വില വച്ച് കൊടുക്കുന്നു ;

(ഡി) ഇവിടെ നിന്നും വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന നഷ്ടവും നിലയം പ്രവർത്തിക്കാതെ പൂട്ടിയിട്ട് നഷ്ടപരിഹാരം നൽകുന്നതും തമ്മിൽ വൈദ്യുതി ബോർഡിന് ലാഭകരമായ നിർദ്ദേശം എന്തെന്ന് വിശദീകരിക്കുമോ ?

---

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 129 മെഗാവാട്ട് ശേഷിയുള്ള നീരാവികൊണ്ട് പ്രവർത്തിക്കുന്ന ഒരു ടർബൈന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(ബി) 113 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ട് വാതക ടർബൈനുകളുടെ പണി തീർന്ന് ഉൽപ്പാദനം ആരംഭിച്ചു. 129 മെഗാവാട്ട് ശേഷിയുള്ള മൂന്നാമത്തെ യൂണിറ്റായ നീരാവികൊണ്ട് പ്രവർത്തിക്കുന്ന ടർബൈന്റെ പണി തീർന്നുകൊണ്ടിരിക്കുന്നു.

(സി) യൂണിറ്റൊന്നിന് 2 രൂപ 75 പൈസ വച്ച് (താല്ക്കാലികം).

(ഡി) കേരളത്തിൽ വിതരണം ചെയ്യുന്ന വൈദ്യുതിയുടെ ശരാശരി വില്പന വില കായംകുളത്ത് നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിലയേക്കാൾ കുറവായതിനാൽ വൈദ്യുതി ബോർഡിന് സാമ്പത്തിക നഷ്ടം സംഭവിക്കുന്നുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്.എന്നാൽ കേരളത്തിലെ ഇന്നത്തെ വൈദ്യുതി ആവശ്യം നിറവേറ്റാൻ കായംകുളത്ത് നിന്നുള്ള വൈദ്യുതി അത്യന്താപേക്ഷിതമാണ്. ആയതിനാൽ കായംകുളം വൈദ്യുതി നിലയം പൂട്ടിയിടണം എന്നതിന് ഇപ്പോൾ പ്രസക്തിയില്ല.

കൊയിലാണ്ടി ഭാഗത്ത് പുതിയ വൈദ്യുതി കണക്ഷനുകൾ

105(1008) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി സൗത്ത്, നോർത്ത്, മേലടി മേജർ സെക്ഷനുകൾക്ക് കീഴിൽ 1996 മേയ് മുതൽ 2000 ജനുവരി വരെ എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ ഈ സെക്ഷനുകളുടെ പരിധിയിൽ സ്ഥാപിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കൊയിലാണ്ടി സൗത്തിൽ 2227-ഉം, കൊയിലാണ്ടി നോർത്തിൽ 3720-ഉം മേലടിയിൽ 3186-ഉം പുതിയ വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്.

(ബി) പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

കൊയിലാണ്ടി സൗത്ത്	-	3 എണ്ണം
കൊയിലാണ്ടി നോർത്ത്	-	16 എണ്ണം
മേലടി	-	16 എണ്ണം
	ആകെ -	35 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly